"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം I, അനുബന്ധം VIII, ചട്ടം 9 – കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വനിതാ ഉദ്യോഗസ്ഥർക്ക് പ്രസവാവധി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.34/2026/ധന.** **തീയതി, തിരുവനന്തപുരം, 02/03/2026**

---

പരാമർശം:- 1. 04/01/2021 ലെ സ.ഉ.(പി) നം.02/2021/ധന.

2. 27/07/2023 ലെ സ.ഉ.(പി) നം.79/2023/ധന. (SRO No. 835/2023)

**<u>ഉത്തരവ്</u>**

കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്ന വനിതാ ഉദ്യോഗസ്ഥർക്ക് കെ.എസ്.ആർ., ഭാഗം I, അനുബന്ധം VIII, ചട്ടം 9 പ്രകാരം, മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ പ്രസവം നടക്കാനിടയുള്ള ദിവസത്തിന് 3 ആഴ്ചകൾക്ക് മുൻപുള്ള തീയതി മുതൽ അനുവദനീയമാണെന്ന വ്യവസ്ഥയിൽ, 180 ദിവസത്തേയ്ക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അന്നു വരെ പൂർണ്ണ ശമ്പളത്തോടെ പ്രസവാവധിയും, മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന് വിധേയമായി ആറ് ആഴ്ചത്തേയ്ക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ, ഏതാണോ ആദ്യം അന്നു വരെ പൂർണ്ണ ശമ്പളത്തോടെയുള്ള miscarriage അവധിയും അനുവദിച്ചിരുന്നു. ചട്ടം 9 ന് ചുവടെയുള്ള പ്രൊവിസോ പ്രകാരം പ്രസവം നടക്കാനിടയുള്ള തീയതിയ്ക്കോ അബോർഷൻ സംഭവിക്കുന്ന തീയതിയ്ക്കോ തൊട്ട് മുൻപ് തൊഴിലുടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടില്ലാത്ത ഉദ്യോഗസ്ഥർക്ക് മേൽ ആനുകൂല്യങ്ങൾക്ക് അർഹതയില്ല. ആയതിനാൽ നിലവിൽ പ്രാബല്യത്തിലുള്ള കരാർ കാലാവധി മാത്രം പരിഗണിച്ചാണ് ഈ അവധി ആനുകൂല്യങ്ങൾ അനുവദിച്ച് വരുന്നത്.

പ്രസവതീയതിയ്ക്ക് തൊട്ടുമുൻപുള്ള പന്ത്രണ്ടു മാസത്തിൽ, ഇടവേളയോട് കൂടിയോ അല്ലാതെയോ, കുറഞ്ഞത് 80 ദിവസം കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിട്ടുള്ള വനിതകൾക്ക് നിലവിൽ പ്രാബല്യത്തിലുള്ള കരാർ കാലാവധി മാത്രം പരിഗണിക്കാതെ പ്രസവാവധി ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ പ്രാബല്യത്തിലുള്ള കരാർ കാലാവധി മാത്രം പരിഗണിക്കാതെ, പ്രസവം നടക്കാനിടയുള്ള തീയതിയ്ക്കോ അബോർഷൻ സംഭവിക്കുന്ന തീയതിയ്ക്കോ തൊട്ട് മുൻപുള്ള പന്ത്രണ്ടു മാസത്തിൽ, ഇടവേളയോട് കൂടിയോ അല്ലാതെയോ, ഒരേ സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള വനിത ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I, അനുബന്ധം VIII, ചട്ടം 9 പ്രകാരമുള്ള പ്രസവാവധി ആനുകൂല്യങ്ങളും miscarriage അവധി ആനുകൂല്യങ്ങളും ടി ചട്ടത്തിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവിന് 04.01.2021 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. കേരള സർവ്വീസ് ചട്ടങ്ങൾ ഭേദഗതി വരുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**കെ.ആർ.ജ്യോതിലാൽ**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II ), കേരള, തിരുവനന്തപുരം.
ബഹു. ഗവർണ്ണറുടെ സെക്രട്ടറി, ലോക് ഭവൻ.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ,
സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർ.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറി.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർ.
സെക്രട്ടറിയേറ്റിലെ നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾ/സെക്ഷനുകൾ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
കേരളത്തിലെ എല്ലാ സർവകലാശാല രജിസ്ട്രാർമാർ.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് (പി.എം.യു).
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ. 3284020, RULES-B1/86/2025-FIN).

പകർപ്പ് :-

ബഹു. നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. മുഖ്യമന്ത്രിയുടെയും ബഹു. മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**